**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **27-01-2026 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് വ്യാപനം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം ജില്ല തിരിച്ച് എത്രയാണെന്നും, ഇവയിൽ സംഘടിത മാഫിയ സംഘങ്ങളുടെ പങ്കാളിത്തം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്നും, യുവജനങ്ങൾ വിദ്യാർഥി വിദ്യാർഥിനികൾ ഉൾപ്പെട്ട കേസുകളുടെ എണ്ണം എത്രയാണെന്നും, ഏത് ജില്ലയിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും, പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിപണി മൂല്യം എത്രയാണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് **2016** മുതൽ **20.01.2026** വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം ജില്ലതിരിച്ച് അനുബന്ധം **1** ആയി ചേർക്കുന്നു.<br><br>സംഘടിത മാഫിയ സംഘങ്ങളുടെ പങ്കാളിത്തം ശ്രദ്ധയിൽപ്പെട്ട ഒരു എൻ.ഡി.പി.എസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിൽ **2016** മുതൽ **20.01.2026** വരെ യുവജനങ്ങൾ, വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവർ ഉൾപ്പെട്ട **48371** എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. **2016** മുതൽ **20.01.2026** വരെ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ് കേസുകളിൽ ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് എറണാകുളം ജില്ലയിലാണ്.<br>ഇതേ കാലയളവിൽ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ് കേസുകളിൽ പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ വിപണി മൂല്യം അനുബന്ധം **2** ആയി ചേർക്കുന്നു. |
| (ബി) | ഈ കേസുകളിൽ അന്തർസംസ്ഥാനമോ അന്തർദേശീയമോ ആയ ബന്ധങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | ഈ കേസുകളിൽ അന്തർസംസ്ഥാന, അന്തർദേശീയ ബന്ധങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം **3** ആയി ചേർത്തിരിക്കുന്നു. |
| (സി) | 2016 മുതൽ ഇതുവരെ പോലീസ്, എക്സൈസ്, എൻസിബി എന്നിവയുടെ സംയുക്ത ഓപ്പറേഷനുകളിൽ പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ തരം, അളവ്, കണക്കാക്കിയ വിപണി മൂല്യം എത്രയാണെന്നും, മയക്കുമരുന്ന് വ്യാപാരത്തിലൂടെ സമ്പാദിച്ചതായി കണ്ടെത്തിയ | (സി) | എക്സൈസ് വകുപ്പ് **2016** മുതൽ **20.01.2026** വരെ മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനയിലൂടെ പിടിച്ചെടുത്ത മയക്കുമരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>കഞ്ചാവ് - **5209.58** കി.ഗ്രാം, കഞ്ചാവ് ചെടി - **14494** എണ്ണം, ഹാഷിഷ് **2327.12**ഗ്രാം , ഹാഷിഷ് |

| | | | |
|---|---|---|---|
| | സ്വത്തുക്കൾ കണ്ടുകെട്ടിയ കേസുകളുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ; | | ഓയിൽ - **666.51** ഗ്രാം, ഹെറോയിൻ **427.914** ഗ്രാം, ബ്രൗൺഷുഗർ - **54.9630** ഗ്രാം, എം.ഡി.എം.എ - **454.862** ഗ്രാം, എൽ.എസ്.ഡി - **0.815** ഗ്രാം, ചരസ് - **2273.65** ഗ്രാം, ഒപ്പിയം - **75** ഗ്രാം, നൈട്രോസെപാം ടാബ് - **1301.99** ഗ്രാം, മെതാഫിറ്റമിൻ - **752.359** ഗ്രാം, ആംഫിറ്റമിൻ - **234** ഗ്രാം .<br><br>ടി മയക്കുമരുന്നുകളിൽ വിപണി മൂല്യം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>കഞ്ചാവ് - **260479025/-**രൂപ, , ഹാഷിഷ് **-29936300/-** രൂപ , ഹെറോയിൻ**-8558280/-** രൂപ ,ബ്രൗൺഷുഗർ – **137408/-** രൂപ, എം.ഡി.എം.എ **-4548620/-** രൂപ, രൂപ ഒപ്പിയം - **37500/-** രൂപ, മെതാഫിറ്റമിൻ – **30094360/-** രൂപ<br><br>എക്സൈസ് വകുപ്പിൽ **2016** മുതൽ **20.01.2026** വരെ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ് കേസുകളിൽ മയക്കു മരുന്ന് വ്യാപാരത്തിലൂടെ സ്വത്തുക്കൾ സമ്പാദിച്ചതായി കണ്ടെത്തിയ രണ്ട് കേസുകളിൽ സ്വത്തുക്കൾ കണ്ടുക്കെട്ടിയിട്ടുണ്ട്. |
| (ഡി) | സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, സ്കൂൾ കോളേജ് പരിസരങ്ങളിലുള്ള കടകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വ്യാപാരം നടക്കുന്നുവെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഡാർക്ക് വെബ് തുടങ്ങിയവ വഴി നടക്കുന്ന ലഹരി വ്യാപാരം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്നും ഇവ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (ഡി) | സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, സ്കൂൾ കോളേജ് പരിസരങ്ങളിലുള്ള കടകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വ്യാപാരം നടക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>**2016** മുതൽ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഡാർക്ക് വെബ് തുടങ്ങിയവ വഴി നടത്തിയ ലഹരി വ്യാപാരത്തിനെതിരെ **16** കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>രാസ ലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ വാട്സ്ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ വഴിയും, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ വഴിയും കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ഇ) | തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, അന്തർസംസ്ഥാന അതിർത്തികൾ വഴി നടക്കുന്ന ലഹരി കടത്തിനെ തടയാൻ സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ഇ) | തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവ കേന്ദ്രസേനകളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ടി സ്ഥലങ്ങളിൽ പരിശോധനകളും റെയ്ഡുകളും നടത്തുന്നതിന് എക്സൈസ് വകുപ്പിന് പരിമിതിയുണ്ട്. വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ വഴിയുള്ള ലഹരി കടത്തുമായി ബന്ധപ്പെട്ട് രഹസ്യ വിവരങ്ങൾ ശേഖരിക്കയും, നടപടികൾ എടുത്തുവരികയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. ടി സ്ഥലങ്ങളുടെ പരിസരപ്രദേശങ്ങളിലും, ഹോട്ടലുകളിലും, റോഡുകളിലും പ്രത്യേക നിരീക്ഷണവും വിവരശേഖരണവും നടത്തിവരുന്നു. മയക്കമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടേയും, ആയത് സംശയിക്കുന്നവരുടെയും വിദേശയാത്രകൾ നിരീക്ഷിച്ചുവരുന്നു. മയക്കമരുന്ന് ക്യാരിയർമാരായി കണ്ടെത്തിയിട്ടുള്ളവരുടെ ലിസ്റ്റ് എടുത്ത് അന്വേഷണങ്ങൾ നടത്തി ടി ആളുകളേയും കൂട്ടാളികളെയും നിരന്തരം നിരീക്ഷിച്ചുവരുന്നു.<br><br>അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് **(KEMU)** സ്ഥാപിക്കുകയും, സംസ്ഥാന അതിർത്തികളിൽ നിരന്തര പരിശോധനകൾ നടത്തി വരുകയും ചെയ്യുന്നു. |
| (എഫ്) | സംസ്ഥാനത്ത് ലഹരി വ്യാപനവും വിപണനവും തടയുന്നതിനും ലഹരി വിമുക്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ, ലഹരി സംബന്ധമായ നിയമങ്ങളിലെ പഴുതുകൾ ഇല്ലാതാക്കി നിയമം കർശനമാക്കാൻ കേന്ദ്രവുമായി യോജിച്ച് സ്വീകരിച്ച നടപടികൾ, അവയുടെ പുരോഗതി എന്നിവ അറിയിക്കാമോ? | (എഫ്) | മദ്യത്തിനും മയക്കമരുന്നിനുമെതിരായ ബോധവത്ക്കരണ ക്യാമ്പയിനുകൾ ശക്തിപ്പെടുത്തുന്നതിനും ലഹരി വർജ്ജനം എന്ന ആശയം ഉയർത്തിപ്പിടിക്കുന്നതിനുമായി രൂപീകരിച്ച വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ - വിമുക്തി) വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.<br><br>വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ബോധവത്കരണം, കൗൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നീ തലങ്ങളായാണ് നടപ്പാക്കി വരുന്നത്. ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളുടെ കടന്നു വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയിരിക്കുന്നത്.<br>കൗൺസിലിംഗിനായി വിമുക്തി മിഷന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 മേഖല കൌൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടോൾ ഫ്രീ നമ്പർ ആയ **14405** മുഖാന്തിരം ഫോണിലും, ടി കേന്ദ്രങ്ങളിൽ നിന്നും നേരിട്ടും കൌൺസിലർമാരുടെ സേവനം സൗജന്യമായി നൽകി ലഹരി വിമുക്ത പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തിവരുന്നു.<br>ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് **14** ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് വിമുക്തി **14** ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>NDPS (Narcotic Drugs and Psychotropic Substances) ആക്ടിലെ Small quantity , Medium Quantity, commercial Quantity എന്നിവ കാലോചിതമായി പരിഷ്കരിക്കാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.<br><br>COTPA നിയമപ്രകാരം നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. പുകയില ഉല്പന്നങ്ങളുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് ഈ ദൂരപരിധി അപര്യാപ്തമായതിനാൽ, ഇത് 500 മീറ്ററായി ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.<br><br>**COTPA** നിയമത്തിലെ വകുപ്പ് **4** (പൊതുസ്ഥലത്തെ പുകവലി), വകുപ്പ് **6** (വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തെ പുകയില വില്പന) എന്നിവ പ്രകാരമുള്ള കുറ്റങ്ങൾക്ക് നിലവിൽ ഈടാക്കുന്ന പരമാവധി പിഴ തുക **200** രൂപയാണ് പ്രസ്തുത പിഴ **2000** രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ജില്ല | രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ് കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4553 |
| കൊല്ലം | 5404 |
| പത്തനംതിട്ട | 3496 |
| ആലപ്പുഴ | 5657 |
| കോട്ടയം | 5664 |
| ഇടുക്കി | 5694 |
| എറണാകുളം | 8313 |
| തൃശ്ശൂർ | 5696 |
| പാലക്കാട് | 4383 |
| മലപ്പുറം | 5406 |
| കോഴിക്കോട് | 2967 |
| വയനാട് | 3521 |
| കണ്ണൂർ | 4839 |
| കാസർഗോഡ് | 1262 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-2**

| | |
|---|---|
| കഞ്ചാവ് | 1461378897/-രൂപ |
| ഹാഷിഷ് | 2722472710/-രൂപ |
| ഹെറോയിൻ | 82980900/-രൂപ |
| ബ്രൗൺഷുഗർ | 5401780/-രൂപ |
| എം.ഡി.എം.എ | 609981973/-രൂപ |
| കൊക്കൈൻ | 4251050/-രൂപ |
| ഒപ്പിയം | 2891685/-രൂപ |
| മെതാംഫിറ്റമിൻ | 656635360/-രൂപ |

സെക്ഷൻ ഓഫീസർ

# അന്തർസംസ്ഥാനമോ അന്തർദേശീയമോ ആയ ബന്ധങ്ങൾ കണ്ടെത്തിയിട്ടുള്ള കേസ്സുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | ക്രൈം നമ്പർ, സെക്ഷൻ | ഓഫീസ് | തൊണ്ടി | പ്രതിയുടെ പേര് വിവരങ്ങൾ | അന്തർ സംസ്ഥാനമോ അന്തർ ദേശീയമായോ ബന്ധങ്ങൾ | വിശദവിവരം |
|---|---|---|---|---|---|---|
| **ആലപ്പുഴ** | | | | | | |
| 1 | CR.NO. 21/2025 u/s 20(B) (ii) (B), 25 & 29 of NDPS Act 1985 | EE & ANSS ആലപ്പുഴ | Hybrid Ganja – 3.033 Kg | 1. തസ്‌ലീമ സുൽത്താൻ, W/o സുൽത്താൻ, നമ്പർ 85, ഉലകനാഥപുരം മുറി, എണ്ണൂർ, തിരുവള്ളൂർ വില്ലേജ്, തമിഴ്നാട്.<br>2. ഫിറോസ്.കെ S/o കുഞ്ഞുമോൻ, മല്ലൻവെളിയിൽ, ചിയാംവെളിമുറി, മണ്ണഞ്ചേരി വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, | ഒന്നാം പ്രതിയാളുടെ ഭർത്താവായ സുൽത്താൻ, S/o അക്ബർ അലി, നമ്പർ 85, ഉലകനാഥപുരം മുറി, എണ്ണൂർ, തിരുവള്ളൂർ വില്ലേജ്, തമിഴ്നാട് എന്ന ആളുമായി ചേർന്ന് ടി കേസിൽ കണ്ടെടുത്ത കഞ്ചാവ് വിൽപ്പന നടത്തുന്നതിന് പരസ്പര ധാരണയോടും കൂട്ടുത്തര | അന്വേഷണമദ്ധ്യേ ഒന്നാം പ്രതിയായ തസ്‌ലീമ സുൽത്താന്റെ ഭർത്താവായ സുൽത്താൻ എന്നയാളെ മൂന്നാം പ്രതി സ്ഥാനത്ത് ചേർത്തിട്ടുള്ളതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആലപ്പുഴ. 3.സുൽത്താൻ, S/0 അക്ബർ അലി, നമ്പർ 85, ഉലകനാഥപുരം മുറി, എണ്ണൂർ, തിരുവള്ളൂർ വില്ലേജ്, തമിഴ്നാട്. | വാദിത്വത്തോടും പ്രവർത്തിച്ചിട്ടുള്ളതും ടി സുൽത്താൻ മലേഷ്യയിൽ നിന്ന് ടി കഞ്ചാവ് കടത്തിക്കൊണ്ട് വന്നിട്ടുള്ളതും ആണ്. ആയതിനാൽ ടിയാനെ മൂന്നാം പ്രതി സ്ഥാനത്ത് ചേർത്ത് ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. | |
| **എറണാകുളം** | | | | | | |
| 2 | NDPS CR No. 30/25 U/s 22(C) of NDPS Act | ERO Ernakulam | 10.04 grm MDMA | അതുൽ കൃഷ്ണ, വിജയ നിവാസ്, പേരൂർക്കട, തിരുവനന്തപുരം, കേരള, പിൻകോഡ്-695005 , ഇന്ത്യ, Ph. 7907405203. | ടി കേസ് ഇൻറർനാഷണൽ പോസ്റ്റൽ സെൻററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ് ഉറവിടം ഫ്രാൻസ്. | 2025 ആണ്ട് ഫെബ്രുവരി മാസം 28-ആം തീയതി 11.20.A.M മണി സമയത്ത് എറണാകുളം എക്സൈസ് റേഞ്ച് ഓഫീസിലെ ഓഫീസ് ഫോണിൽ വന്ന ടെലിഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ കാരിക്കാമുറി ദേശത്ത് Global Arcade Building എന്ന് പേരുള്ള കെട്ടിടത്തിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന കൊച്ചി ഇന്ററർനാഷണൽ മെയിൽ സെന്റററിന്റെ ഓഫീസിൽ വന്ന പാഴ്സലിൽ മയക്കുമരുന്ന് അടക്കം ചെയ്തതായി സംശയമുണ്ടെന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ പാഴ്സൽ കവറിനുള്ളിൽ സിപ്പ് ലോക്ക് കവറിൽ അടക്കം ചെയ്ത നിലയിൽ 10.04 ഗ്രാം MDMA കണ്ടെത്തുകയും, ടി പാഴ്സൽ ലഭിക്കേണ്ട ആളുടെ മേൽവിലാസം അതുൽ കൃഷ്ണ, വിജയ നിവാസ്, പേരൂർക്കട, തിരുവനന്തപുരം, കേരള, പിൻകോഡ്-695005 എന്നും കാണപ്പെട്ടു. ടിയാനെ പ്രതിസ്ഥാനത്ത് ചേർത്ത് എറണാകുളം ഏകസൈസ് റേഞ്ച് ഇൻസ്പെക്ടർ സജി.വി കേസ് കണ്ടെടുത്തിട്ടുള്ളതാണ്. |
| 3 | NDPS CR No. 31/25 U/s 22(C) of NDPS Act | ERO Ernakulam | 12.143 grm MDMA | അർജുൻ പട്ടേൽ, ഭാനു വില്ല ലോഡ്ജ് അമ്പലക്കോത്ത് റോഡ്, മെഡിക്കൽ കോളേജ് പി.ഒ (673008)-കോഴിക്കോട്-08 കേരളം | ടി കേസ് ഇന്റർ നാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ്. | 2025- ആം ആണ്ട് ഫെബ്രുവരി മാസം 28- ആം തീയതി 1.30 PM മണി സമയത്ത് എറണാകുളം എക്സൈസ് സർക്കിൾ ഓഫീസിലെ ഓഫീസ് ഫോണിൽ വന്ന ടെലിഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജ് കാരിക്കാമുറി ദേശത്ത് കൊച്ചി നഗരസഭയുടെ ബിൽഡിംഗ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഇന്ത്യ | | നമ്പർ 62/4835-4-1 (First floor) ൽ പ്രവർത്തിക്കുന്ന കൊച്ചി ഇന്ററർനാഷണൽ മെയിൻ സെന്റർ കൊച്ചി Hed Sorting Assistant ഓഫീസിൽ വന്ന പാഴ്സലിൽ മയക്കുമരുന്ന് അടക്കം ചെയ്തതായി സംശയമുണ്ടെന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ പാഴ്സൽ കവറിനുള്ളിൽ സിപ്പ് ലോക്ക് കവറിൽ അടക്കം ചെയ്ത നിലയിൽ 12.143 ഗ്രാം MDMA (12.907 Including Sip Lock) കണ്ടെത്തുകയും, ടി പാഴ്സൽ ലഭിക്കേണ്ട ആളുടെ മേൽവിലാസം Arjun Patel ,Bhanu villa lodge Ambalakoth Rd, Medical College P.O (673008)-Kozhikode-08 Kerala India എന്ന് കാണുന്നു. ടിയാനെ പ്രതിസ്ഥാനത്ത് ചേർത്ത് എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജനീഷ്. എം. എസ്. കേസ് കണ്ടെടുത്തിട്ടുള്ളതാണ്. |
| 4 | NDPS CR No. 32/25 U/s 22(C ) of NDPS Act | ERO Ernakulam | 17.965 grm MDMA | നിസാബ്. എം. കെ A-3, കൊരകനാശ്ശേരി വില്ല, എളഞ്ചേരി ലൈൻ, ഇന്ദിരാനഗർ, കടവന്ത്ര | ടി കേസ് ഇൻറർനാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ് . | 2025 ആണ്ട് മാർച്ച് മാസം 1-ആം തീയതി 11.30 AM സമയത്ത് എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജനീഷ്.M.S ഉം പാർട്ടിയും ചേർന്ന് കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ കാരിക്കമുറി ദേശത്ത് കൊച്ചി നഗരസഭയുടെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കൊച്ചി, 682020, ഇന്ത്യ | | | ബിൽഡിങ് നമ്പർ 62/4835 A – 1 ( first floor)–ൽ പ്രവർത്തിക്കുന്ന കൊച്ചി ഇന്റർനാഷണൽ മെയിൽ സെന്റർ കൊച്ചി, ഹെഡ് സോർട്ടിങ് അസിസ്റ്റന്റിന്റെ ഓഫീസ് ഹാളിൽ വച്ച്, പാഴ്സൽ കവറിനുള്ളിൽ ഗോൾഡൻ നിറത്തിലുള്ള ഒരു ഫോയിൽ പൌച്ചിനുള്ളിലായി പോളിത്തീൻ സിപ്പ് ലോക്ക് കവറിൽ 17.965 gm MDMA നിസാബ്. എം. കെ, A–3, KORAKANASSERY VILLA, ELANJERI LINE, INDIRANAGAR, KADAVANTHRA KOCHI, 682020, INDIA എന്ന വിലാസത്തിൽ വന്നതിനെ തുടർന്നു. ടിയാനെ പ്രതിസ്ഥാനത്ത് ചേർത്ത് കേസ് കണ്ടെടുത്തിട്ടുള്ളതാണ്. ടി കേസിലെ പ്രതിയെക്കുറിച്ച് എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജനീഷ് എം എസും പാർട്ടിയും ചേർന്ന് അന്വേഷണം നടത്തിയത്തി ൽ ടിയാന്റെ ശരിയായ പേരും മേൽ വിലാസവും കോഴിക്കോട് ജില്ലയിൽ വടകര താലൂക്കി ൽ കോട്ടുളി വില്ലേജി ൽ കുതിരവട്ടം ദേശത്ത് കണ്ടിയിൽ വീട്ടി ൽ മുഹമ്മദ് കോയ മകൻ മിർസാബ് സഹദ്.കെ (വയസ്സ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 29/25) ആണെന്ന് ബോധ്യപ്പെടുകയും ടിയാനെ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ കടവന്ത്ര കരയി ൽ ഇലഞ്ചേരി ലെ യ്ൻ റോഡിലൂടെ 200 മീറ്റർ ചെല്ലുമ്പോൾ സ്ഥിതിചെയ്യുന്ന G/1N/9/3/3-A ഇലക്ട്രിക് പോസ്റ്റിന് എതിർവശം റോഡിൽ നിന്നും 20 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കൊച്ചി കോർപ്പറേഷൻ 5717-A3 നമ്പർ ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയി ൽ നിന്നും 03.03.2025 തീയതി ഉച്ചയ്ക്ക് 1.50 pm ന് നിയമാനുസരണം അറസ്റ്റ്ചെയ്യുകയും പ്രതിയിൽ നിന്നും കണ്ടെടുത്ത HP കമ്പനിയുടെ ലാപ്‌ടോപ്പ്-1, samsung Galaxy m12 മൊബൈ ൽ ഫോ ൺ-1, i phone മൊബൈൽ ഫോ ൺ -1 എന്നിവ തൊണ്ടിമുതലുകളായി കണ്ടെടുത്ത് പ്രതിയെയും തൊണ്ടിമുതലുകളുമായി എറണാകുളം എക്സൈസ് റേഞ്ച് ഓഫീസി ന് കൈമാറിയിട്ടുള്ളതാണ്. പ്രതിയിൽ നിന്നും കണ്ടെടുത്ത ഫോണുകളും ലാപ്‌ടോപ്പും പരിശോധിച്ചതിൽ മേൽ കുറ്റകൃത്യവുമായി പ്രഥമദൃഷ്ട്യാ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ടിയാന് ബന്ധമുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ ലഭിച്ചിട്ടുള്ളതുമാണ്. |
| 5 | NDPS CR No. 41/2022 U/s 21(b)&22 (b) of NDPS Act | ERO Ernakulam | 2896.8 Mg. MDMA & 9881.9 Mg. Coccain | ജാസിം വി നാസർ, വടക്കനോലിൽ വീട്, ഓകെ ഹോസ്പിറ്റലിന് സമീപം, തൃശൂർ, കേരളം, 680664. | ടി കേസ് ഇൻറർ നാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ്. | 11.05.2022 തീയതി 11.30 എഎം സമയത്ത് എറണാകുളം ചിറ്റൂർ റോഡിൽ സ്ഥിതി ചെയ്യുന്ന YMCA building ന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ഇന്റർനാഷനൽ മെൽ സെന്ററിൽ വന്ന പാഴ്സലിൽ മയക്കുമരുന്നു അടക്കം ചെയ്തതായി സംശയിക്കുന്ന വിവരം ലഭിച്ചതിനെ തുടർന്നു എറണാകുളം റേഞ്ച് ഇൻസ്പെക്ടർ പാഴ്സൽ പരിശോധിച്ചു ആയതിൽ അടക്കം ചെയ്ത 2896.8 Mg. MDMA & 9881.9 Mg. Coccain കണ്ടെത്ത് മേൽവിലാസക്കാരനായ ജാസിം വി നാസർ, വടക്കനോലിൽ വീട്, ഓകെ ഹോസ്പിറ്റലിന് സമീപം, തൃശൂർ, കേരളം, 680664 എന്നയാളെ പ്രതി ചേർത്തുരെജിസ്റ്റർ ചെയ്ത കേസ് ആണിത്. |
| 6 | NDPS CR No. 31/2024 U/s 20(b)(ii)A | ERO Ernakulam | 234 grm Ganja | ബിജു ബഷീർ, കണ്ണമത്ത് ഹൌസ്, പടിയിട്ടത്തിൽ പുന്നക്കുളം | ടി കേസ് ഇൻറർ നാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച | 12.04.2024 തീയതി 2.30 PM സമയ്ത്ത് എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജനീഷ് എം എസ് കണയന്നൂർ താലൂക്കിൽ എറണാകുളം |

| | | | | | | |
|---|---|---|---|---|---|---|
| | of NDPS Act | | | കെ എസ് പുരം പി .ഒ കരുനാഗപ്പള്ളി, കേരള. | പാഴ്സൽ കേസാണ്. | വില്ലേജിൽ കാരിക്കാമുറി ദേശത്ത് കൊച്ചി നഗരസഭയുടെ ബിൽഡിംഗ് നമ്പർ 62/4835-എ-1 (First Floor) ൽ പ്രവർത്തിക്കുന്ന കസ്റ്റംസ് അസിസ്റ്റൻറ് കമ്മീഷണറുടെ പോസ്റ്റൽ അപ്രൈസിംഗ് ഡിപ്പാർട്ട്മെൻറ് പ്രവർത്തിക്കുന്ന റൂമിൽ കാർഡ് ബോർഡ് ബോക്സിൽ നാലു പോളിത്തീൻ കവറുകളിൽ അടക്കം ചെയ്ത നിലയിൽ 234 ഗ്രാം കഞ്ചാവ് കണ്ടെടുത്ത് ബിജു ബഷീർ, കണ്ണമത്ത് ഹൌസ്, പടിയിട്ടത്തിൽ പുന്നക്കുളം കെ. എസ്.പുരം.പി.ഒ കരുനാഗപ്പള്ളി, കേരള എന്നയാളെ പ്രതിസ്ഥാനത്ത് ചേർത്ത് രെജിസ്റ്റർ ചെയ്ത കേസ് ആണിത്. |
| 7 | NDPS CR No. 36/2024 U/s 22(b)of NDPS Act | ERO Ernakulam | 0.9 grm MDMA | മലപ്പുറം ജില്ലയിൽ അയിക്കരപ്പടി വെണ്ണയൂർ ദേശത്ത് CM ഹൌസ് അനിൽ ഗിരീഷ്. | ടി കേസ് ഇൻറർ നാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ്. | 01.05.2024 തീയതി എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജനീഷ് എം എസ് കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ കാരിക്കാമുറി മുറി ദേശത്ത് കൊച്ചി നഗരസഭയുടെ ബിൽഡിംഗ് നമ്പർ 62/4835-എ-1 (First Floor) ൽ പ്രവർത്തിക്കുന്ന കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണറുടെ പോസ്റ്റൽ അപ്രൈസിംഗ് ഡിപ്പാർട്ട്മെൻറ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രവർത്തിക്കുന്ന റൂമിൽ വെച്ചു കാർഡ് ബോർഡ് ബോക്സിൽ രണ്ട് പോളിത്തീൻ കവറുകളിൽ പൊതിഞ്ഞ് സിൽവർ നിറത്തിലുള്ള ഒരു സിപ്പ് ലോക്ക് കവറിൽ അടക്കം ചെയ്ത നിലയിൽ 0.9 ഗ്രാം MDMA കണ്ടെടുത്ത് മേൽവിലാസക്കാരനായ മലപ്പുറം ജില്ലയിൽ അയിക്കരപ്പടി വെണ്ണയൂർ ദേശത്ത് CM ഹൗസ് അനിൽ ഗിരീഷ് നെ പ്രതിസ്ഥാനത്ത് ചേർത്ത് എറണാകുളം റേഞ്ച് ഓഫീസിൽ റെജിസ്റ്റർ ചെയ്ത കേസാണിത്. |
| 8 | 57/2022 U/s 22(b) | EE&ANS S,EKM | 11650.4 mg MDMA | UD | ടി കേസ് ഇൻറർ നാഷണൽ പോസ്റ്റൽ സെന്ററിൽ നിന്നും ലഭിച്ച പാഴ്സൽ കേസാണ്. ഉറവിടം നെതർലൻസ് | എടത്തലയിൽ ഉള്ള ഓട്ടോമോട്ടീവ് online trading സ്ഥാപനത്തിലേക്ക് ആണ് പാഴ്സൽ അയച്ചത്. കട ഉടമയുടെ മൊബൈൽ ഫോൺ കസ്റ്റഡിയിൽ എടുത്ത് പരിശോധനയ്ക്കായി ഫോറൻസിക് ലാബിൽ അയച്ചിട്ടുള്ളതാണ്. |
| **തൃശൂർ** | | | | | | |
| 9 | 15/19 – 20(b)(ii) C | ECO Thrissur | 370.5 Kg Ganja | അറിവായിട്ടില്ല | പാറ്റ്നയിൽ നിന്നും റയിൽവേയിൽ അയച്ചത്, | പാറ്റ്ന എക്സ്പ്രസിൽ പാറ്റ്നയിൽ നിന്നും ഭുവനേശ്വറിലേക്കയച്ച പാർസൽ തെറ്റി എറണാകുളം റയിൽവേ സ്റ്റേഷനിൽ എത്തി തിരികെ കൊണ്ടുപോകുമ്പോൾ ആണ് പിടിച്ചെടുത്തത്. |

| | | | | | | |
|---|---|---|---|---|---|---|
| 10 | No 49/2024 20(b)(ii)(B), 20(b)(ii)(C), 29 & 60(3) of NDPS Act 1985 | ERO Chavakad | 18.275 കിലോഗ്രാം കഞ്ചാവ്, 1.994 കിലോഗ്രാം ഹാഷിഷ് ഓായിൽ | (A1) ചാവക്കാട് താലൂക്ക് എടക്കഴിയൂർ വില്ലേജ് തെക്കേമദ്രസ ദേശത്ത് ചിന്നക്കൽവീട്ടിൽ മുഹമ്മദാലി മകൻഷാഫി (37/2024 വയസ്) (A2)ചാവക്കാട് താലൂക്ക് പുന്നയൂർ വില്ലേജ് മുന്നയ്ക്കിദേശത്ത് കളപ്പുരക്കൽ വീട്ടിൽ ഹസൻ മകൻ അക്ബർ (38/2024 വയസ്) (A3)ചാവക്കാട് താലൂക്ക് പുന്നയൂർക്കുളം വില്ലേജ് അണ്ടത്തോട് ദേശത്ത് വലിയകത്ത് വീട്ടിൽ മജീദ് മകൻനിയാസ് (31/2024 വയസ്) | ഒറീസക്കാരായ വിജയ് എന്നയാൾ മുഖേന വിജയും, വിജയിന്റെ മാമനുമാണ് കണ്ടെടുത്ത കഞ്ചാവ് പ്രതികൾക്ക് എത്തിച്ച് നൽകിയതെന്ന് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളതാണ്. | |

| | | | | | | |
|---|---|---|---|---|---|---|
| | | | | (A4)ചാവക്കാട് താലൂക്ക് ചാവക്കാട് വില്ലേജ് തെക്കൻ പാലയൂർ ദേശത്ത് രായ്മരക്കാർ വീട്ടിൽഅലി മകൻ അബ്ദുൾ റഹ്മാൻ(36/2024 വയസ്) | | |
| **വയനാട്** | | | | | | |
| 11 | NDPS CR No. 82/2025 | ERO Sulthan Bathery | 131.925 Gm. Methamphitamine & 460 Gm. Dry Ganja | A5. Muhammed jamiu Abdul Raheem, S/o. Abdul Raheem, House No. 205, Eika Adagu Okene Street, Okene Area, Lokoja Village, Kogi District, Kogi State Nigeria. | അന്തർദേശീയം | പൊൻകുഴി ഭാഗത്ത് വെച്ച് 8-8-25 തിയ്യതി വാഹന പരിശോധനയ്ക്കിടെ 131.925 Gm. Methamphitamine & 460 Gm. Dry Ganja കടത്തികൊണ്ടു വന്ന കുറ്റത്തിന് 5-ആം പ്രതിയായി ടിയാനെ ഡൽഹിയിൽ നിന്നും അറസ്റ്റ് ചെയ്തു. |

സെക്ഷൻ ഓഫീസർ